## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5401, 18/11/2019-ൽ മറുപടിക്ക്

**'സൂപ്പർ ന്യൂമററി തസ്തികയിലുള്ളവർക്ക് അനുവദിക്കപ്പെട്ട ഇൻക്രിമെന്റ് ആനുകൂല്യം'**

| ചോദ്യം<br>ശ്രീ. വി.പി സജീന്ദ്രൻ എം.എൽ.എ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) | സെക്രട്ടേറിയറ്റിൽ സൂപ്പർ ന്യൂമററി തസ്തികയിൽ മുൻവർഷങ്ങളിൽ നിയമിതരായവർക്ക് അനർഹമായി ഇൻക്രിമെന്റ് ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | സെക്രട്ടേറിയറ്റ് ഉൾപ്പടെ വിവിധ വകുപ്പുകളിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായവർക്ക 20.06.2019 ലെ സ.ഉ(പി)നം 70/2019/ധന എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരം സ്ഥിരപ്പെടുത്തലിനു മുൻപ് വാർഷിക ഇൻക്രിമെന്റ് നൽകുവാൻ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | കേരള സർവീസ് ചട്ടങ്ങളിലെ Note 1 below rule 31 ൽ വ്യവസ്ഥ ചെയ്യും പ്രകാരം വകുപ്പ് തല പരീക്ഷ പാസായതിനുശേഷമാണോ ഇവർക്ക് ഇൻക്രിമെന്റ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായ ഉദ്യോഗസ്ഥരെ അവരുടെ നിയമനത്തിനായി മാറ്റിവച്ചിട്ടുള്ള 5% ഒഴിവുകളിൽ ക്രമീകരിച്ചതിനു ശേഷം മാത്രമേ കേരള സർവ്വീസ് ചട്ടങ്ങൾ അവർക്ക ബാധകമാകുകയുള്ളൂ. ആയതിനാൽ കെ എസ് ആർ ഭാഗം 1 ചട്ടം 31 നു ചുവടെയുള്ള നോട്ട് 1, ചട്ടം 37 B എന്നിവ ഇവർക്ക ബാധകമാകുന്നില്ല. മേൽ എക്സിക്യൂട്ടീവ് ഉത്തരവിനു അനുസൃതമായി കേരള സർവ്വീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതാണ്. 20.06.2019 ലെ ഉത്തരവ് മന്ത്രിസഭയുടെ അംഗീകാരത്തോടെയല്ല പുറപ്പെടുവിച്ചിരിക്കുന്നത്. ടി ഉത്തരവ് പുറപ്പെടുവിക്കുന്നതിൽ ഉദ്യോഗസ്ഥർ ചട്ട ലംഘനം നടത്തിയിട്ടില്ല. |
| (സി) | കേരള സർവീസ് ചട്ടങ്ങളിലെ rule 37B അനുശാസിക്കും പ്രകാരം പ്രൊബേഷൻ പൂർത്തിയായതിന് ശേഷമാണോ ഇൻക്രിമെന്റുകൾ നൽകിയിട്ടുള്ളത്; | |
| (ഡി) | നിലവിലെ ചട്ടങ്ങൾ മറികടന്ന് അനധികൃതമായി ആനുകൂല്യം നൽകുന്നതിന് മന്ത്രിസഭ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഇല്ലായെങ്കിൽ ചട്ടലംഘനം നടത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; | |

| | | |
|---|---|---|
| (ഇ) | ചട്ടലംഘനം നടത്തി ആനുകൂല്യം അനുവദിച്ചത് വഴി സർക്കാരിന് ഉണ്ടായ അധിക ബാദ്ധ്യത എത്രയാണ്; കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുമ്പോഴും അനധികൃതമായി ആനുകൂല്യം നൽകിയതിനുളള കാരണം വ്യക്തമാക്കുമോ; | അനധികൃതമായി ആനുകൂല്യം നൽകിയിട്ടില്ല. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ നടത്തിയ നിയമനം ക്രമീകരിക്കുന്നത് സുദീർഘമായ ഒരു പ്രക്രിയ ആയതിനാൽ ഇവർക്ക് ദീർഘകാലം ശമ്പള സ്കെയിലിന്റെ മിനിമത്തിൽ ജോലിചെയ്യേണ്ടി വരുന്നു. ഇതിനു ഒരു പരിഹാരമായാണ് സർക്കാർ ഇവർക്ക് ഇൻക്രിമെന്റ് അനുവദിക്കുവാൻ തീരുമാനിച്ചത്. |
| (എഫ്) | പ്രസ്തുത തീരുമാനം വഴി റഗുലർ ജീവനക്കാർക്ക് ഉണ്ടാകുന്ന ജൂനിയർ-സീനിയർ അനോമലി പരിഹരിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ; ഈ ജീവനക്കാരെ എങ്ങനെ സർവീസിൽ റഗുലറൈസ് ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്; വകുപ്പ്തല പരീക്ഷ പാസ്സാകാതെ ഇൻക്രിമെന്റ് നൽകുന്ന രീതി റെഗുലർ അപ്പോയ്മെന്റിലൂടെ കടന്നുവരുന്ന ജീവനക്കാർക്ക് കൂടി ബാധകമാക്കുമോ; വിശദമാക്കുമോ? | അനോമലികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന മുറയ്ക്ക് അതിന്റെ മെരിറ്റ് അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതാണ്. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിതരായ ഉദ്യോഗസ്ഥരെ സർവ്വീസിൽ റഗുലറൈസ് ചെയ്യുന്നതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 21.07.2014 ലെ സ.ഉ (കൈ) നം 22/2014/ഉ ഭ പ വ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വകുപ്പ്തല പരീക്ഷ പാസ്സാകാതെ ഇൻക്രിമെന്റ് നൽകുന്ന രീതി റഗുലർ അപ്പോയിന്റ്മെന്റിലൂടെ കടന്നുവരുന്ന ജീവനക്കാർക്ക് ബാധകമാക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

**അക്കൗണ്ട്സ് ഓഫീസർ**